പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4248 — 03.02.2014 -ൽ മറുപടിക്ക്.

## പേപ്പർ നിർമ്മാണ കമ്പനികളിൽ തൊഴിലാളികൾക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പേപ്പർ നിർമ്മാണ കമ്പനികളിൽ മിനിമം വേതനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് മിനിമം വേതനമായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പേപ്പർ നിർമ്മാണ മേഖലയിൽ ഇതുവരെ മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ ഈ മേഖലയിൽ മിനിമം വേതനം നടപ്പാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്ത് പേപ്പർ നിർമ്മാണ മേഖലയെ മിനിമം വേതന നിയമപ്രകാരം മിനിമം വേതനം നിശ്ചയിക്കേണ്ട തൊഴിൽ മേഖലകളുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ 2012 ഡിസംബർ 31- ന് ജി. ഒ. (എം. എസ്) 177/2012/തൊഴിൽ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും അതനുസരിച്ച് മിനിമം വേതനം നിശ്ചയിക്കാൻ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.